## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6630 — 21.11.2019 ൽ മറുപടിക്ക്

# മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | നിലവിൽ മത്സ്യ അനുബന്ധത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. |
| (ബി) | മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകുന്നതിനും പ്രത്യേകം പദ്ധതിക്ക് രൂപം നൽകി നടപ്പിൽ വരുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മത്സ്യത്തൊഴിലാളികളുടെയും / അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് നിലവിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>**1)എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക് - 5,000 രൂപ<br>9 എ+ ലഭിക്കുന്നവർക്ക് - 4,000 രൂപ<br>8 എ+ ലഭിക്കുന്നവർക്ക് - 3,000 രൂപ<br>**2) റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക്** - 3,000 രൂപ<br>3) ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം<br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും<br>എ+ ലഭിക്കുന്നവർക്ക് - 5,000 രൂപ<br>വൊക്കേഷണൽ ഹയർസെക്കണ്ടറി |

| | | | |
|---|---|---|---|
| | | | പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് - 5,000 രൂപ<br><br>4) മരണപ്പെടുന്ന അനുബന്ധ മത്സ്യ ത്തൊഴിലാളികളുടെ മക്കൾക്ക് പഠന ച്ചെലവിനായി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണ ധനസഹായമായി പരമാവധി രണ്ട് പേർക്ക് 10,000/- രൂപ നൽകുന്നു.<br>മത്സ്യ/അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങളൊന്നും അനുവദിക്കുന്നില്ല.<br>നിലവിൽ ഭവനരഹിതരായ മത്സ്യ/ അനുബന്ധത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ ആളുകൾക്കും 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ